മാറ്റത്തിരുത്തലുകളും വ്യാജ വാദങ്ങളും

# ‘ജനങ്ങളോട് യുദ്ധം ചെയ്യാൻ എന്നോട് കല്പിക്കപ്പെട്ടു’

## എന്ന ഹദീസിനെ സംബന്ധിച്ചുള്ള സംശയ നിവാരണം

സംശയ നിവാരണം പതിപ്പ് 2 ML

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على أشرف الأنبياء والمرسلين
سيدنا ونبينا محمد الأمين وآله وصحبه أجمعين

സർവ്വ സ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിനത്രെ. ലോകർക്കാകെ കാരുണ്യമായി നിയുക്തനായ ദൈവദൂതനായകൻറെ മേലും അവിടുത്തെ കുടുംബത്തിൻറെയും അനുചരരുടെയും മേലും ഗുണവും രക്ഷയും സദാ വർഷിക്കുമാറാകട്ടെ.

തിരുദൂതർ മൊഴിഞ്ഞു: അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് (സ) അവൻറെ തിരുദൂതനാണെന്നും സാക്ഷ്യം വഹിക്കുന്നത് വരെയും, നിസ്ക്കാരം നിർവ്വഹിക്കുന്നത് വരെയും, സമ്പത്തിൽ നിന്ന് നിർബന്ധ ദാനം (സകാത്) കൊടുത്തു വീട്ടുന്നത് വരെയും ആളുകളോട് യുദ്ധം ചെയ്യാൻ ഞാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അവർ ഇപ്രകാരം പ്രവർത്തിച്ചാൽ അവരുടെ ജീവനും സ്വത്തിനും ഇസ്ലാമിക വിധിക്ക് അനുസൃതമായി എന്നിൽ നിന്ന് സംരക്ഷണമൊരുക്കാൻ അവർക്ക് കഴിയും. അവരുടെ വിചാരണ അല്ലാഹു നടത്തുകയും ചെയ്യും (ബുഖാരി, മുസ്ലിം).

## ഹദീസ് പഠനം

ഹദീസുകളുടെ യഥാർത്ഥ അർത്ഥവും ആശയവും മനസിലാക്കണമെന്നുണ്ടെങ്കിൽ രണ്ടു കാര്യങ്ങളെ കുറിച്ച് സൂചിപ്പിക്കൽ അനിവാര്യമാണ് .

- മൂലപ്രമാണം മനസ്സിലാക്കുന്നതിൽ അറബി ഭാഷയുടെ പ്രാധാന്യം.
- തുറന്ന വീക്ഷണത്തോടെ ഇസ്ലാമിനെക്കുറിച്ചുള്ള ഗവേഷണം.

## മൂലപ്രമാണം മനസ്സിലാക്കുന്നതിൽ അറബി ഭാഷയുടെ പ്രാധാന്യം

നാഥനായ അല്ലാഹു അറബി ഭാഷയെ ആദരിക്കുകയും അവൻറെ അവസാന ഗ്രന്ഥം ആ ഭാഷയിൽ അവതരിപ്പിക്കുകയും ചെയ്തു (സുവ്യക്തമായ അറബി ഭാഷയിൽ). അന്ത്യപ്രവാചകൻറെ ഭാഷയായി അല്ലാഹു നിശ്ചയിച്ചതും ഇതേ ഭാഷയെത്തന്നെയാണ്. ഖുർആനിനെയും ഹദീസിനെയും സംബന്ധിച്ച് ഈ ഭാഷക്കുള്ള സ്ഥാനം തർക്കത്തിനിടമില്ലാത്ത വിധം സർവർക്കും അറിയാവുന്ന കാര്യമാണ് .

തദനുസൃതം അറബി ഭാഷ അറിയാത്തതു മൂലം മതത്തിൽ അജ്ഞത കടന്നു കൂടും. ഇങ്ങനെ മൂലപ്രമാണം ഗ്രഹിക്കുന്നതിൽ പിഴവ് സംഭവിക്കുന്ന പക്ഷം അത് മറികടക്കാൻ അറബി ഭാഷയുടെ നിയമങ്ങളും ചട്ടങ്ങളും പഠിച്ചെടുക്കലല്ലാതെ മറ്റ് മാർഗ്ഗമില്ല. ഇങ്ങനെ ചെയ്യാത്ത പക്ഷം ദൈവവിധിപ്രസ്താവങ്ങളും തിരുവചനങ്ങളും മനസ്സിലാക്കുന്നിടത്ത് പിഴവ് സംഭവിക്കാനിടയാകുകയും അങ്ങനെ ദൈവിക വചനങ്ങൾ പൈശാചിക ജല്പനങ്ങളായി ഭവിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യം സംജാതമാകുകയും ചെയ്യും.അതായത് തെറ്റായ വഴിയിലൂടെ തെറ്റിദ്ധരിക്കപ്പെടുന്നത് അല്ലാഹുവും അവൻറെ തിരുദൂതരുമായിരിക്കും.

## തുറന്ന വീക്ഷണത്തോടെ ഇസ്ലാമിനെക്കുറിച്ചുള്ള ഗവേഷണവും പഠനവും

ഇസ്ലാമിന്റെ മൂലപ്രമാണങ്ങളിൽ ഗവേഷണം നടത്തുന്നവന് , അതിന്റെ അടിസ്ഥാനങ്ങളെയും ശാഖാപരമായ കാര്യങ്ങളെയും ഉദ്ദേശ ലക്ഷ്യങ്ങളെയും സംബന്ധിച്ചുള്ള സമഗ്രമായ കാഴ്ചപ്പാടുണ്ടായിരിക്കേണ്ടത് അനിവാര്യ ഘടകമാണ്.അള്ളാഹു തആല ഖുർആനിൽ വ്യക്തമാക്കി തന്നത് പ്രകാരം ഖുറാനിലെ ആശയത്തിൽ സംശയത്തിനിടയാകുന്ന വചനങ്ങളൊക്കെയും തന്നെ സുവ്യക്തവും ഖണ്ഡിതവുമായി മാറ്റപ്പെട്ടിട്ടുണ്ട് , ആയതിനാൽ പ്രത്യേകമായതും പൊതുവായതും , ഉപദിയോട് കൂടി പ്രതിപാദിച്ചതും നിരുപാധികം പറഞ്ഞതും , വിശദമായും സംഗ്രഹിച്ചും പറഞ്ഞതും ,അതിനു പുറമെ അവതരണ പശ്ചാത്തലങ്ങളും അതുപോലെയുള്ള കർമ്മ ശാസ്ത്ര വിജ്ഞാനത്തിന്റെ കീഴിൽ വരുന്നതുമായ കാര്യങ്ങളും അറിഞ്ഞിരിക്കൽ നിർബന്ധമാണ്.അതിലൂടെ മാത്രമേ ദീനിന്റെ മൂലപ്രമാണങ്ങളെ സംബന്ധിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടായിത്തീരുകയുള്ളു .ആയതിനാൽ , ദീനിന്റെ മൂലപ്രമാണങ്ങളെ അവഗണനയോടെ സമീപിക്കാതെ കാര്യക്ഷമതയോടു കൂടി മനസ്സിലാക്കൽ നിർബന്ധമാണ്.ഇതിൽ നിന്നും സത്യം എന്നും ഒരു കുടകീഴിൽ മാത്രമേ നിലകൊള്ളു എന്നും അതിൽ വേർതിരിവും വിഭജനവും ഉണ്ടാകില്ലെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

### ഉപര്യുക്ത നബിവചനം രക്തച്ചൊരിച്ചിൽ അനുവദനീയമാക്കുകയും കൊലപാതകം വിശ്വാസത്തിൻറെ ഭാഗമായി ഗണിക്കുകയും ചെയ്യുന്നുണ്ടോ ?

ഈ ചോദ്യത്തിനുള്ള മറുപടിയിൽ ആദ്യമായി ഇത് പറയേണ്ടതുണ്ട്:

തെറ്റിദ്ധാരണക്ക് വശംവദരായി ഈ നബിവചനത്തെ മനസ്സിലാക്കുന്ന രണ്ട് വിഭാഗമുണ്ട്.

ആദ്യ വിഭാഗം: അടിസ്ഥാനപരമായി ഇസ്ലാമിക സംസ്ക്കാരം മനസ്സിലാക്കാത്തവരും, മാനവ കുലത്തിൻറെ സംരക്ഷണം ലക്ഷ്യമാക്കി സുസ്ഥാപിതമായ അതിമനോഹരവും ഗുണപ്രദവുമായ മാർഗ്ഗത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഇല്ലാത്തവരുമായ യുവതലമുറയാണവർ. വിശ്വാസത്തിൻറെ അനുഭൂതി ആസ്വദിക്കാനുള്ള കഴിവ് ഇക്കൂട്ടർക്കില്ല. അതേ സമയം, മാനവ ജീവ സംരക്ഷണം വിശുദ്ധ ശരീഅത്തിൻറെ മൂലതാൽപര്യങ്ങളിലൊന്നായാണ് ഗണിക്കപ്പെടുന്നത് താനും. മതം, ജീവൻ, ബുദ്ധി, അഭിമാനം, സമ്പത്ത് എന്നിവയുടെ സംരക്ഷണ സംബന്ധിയായി അല്ലാഹു അരുളുന്നത് കാണുക: (പ്രതിക്രിയയായോ നാട്ടിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ ഒരാൾ മറ്റൊരാളെ വധിച്ചാൽ മർത്യകുലത്തെ ഒന്നടങ്കം അവൻ കൊന്നതു പോലെയാണ്; ഒരാളെ കൊലയിൽ നിന്ന് വിമുക്തനാക്കിയാൽ മനുഷ്യരെ മുഴുവൻ അതിൽ നിന്ന് രക്ഷിച്ചത് പോലെയും (മാഇദ 32)

ഇവിടം കൊണ്ടവസാനിപ്പിക്കാതെ, മർത്യൻറെ അഭിമാനത്തെക്കുറിച്ച് ഇസ്ലാം പറയുന്നത് കാണുക: (നിശ്ചയം നാം ആദം സന്തതികളെ ആദരിച്ചിരിക്കുന്നു) (ഇസ്റാഅ് 70). പുണ്യപ്രവാചക(സ)ൻറെ ജീവിതത്തിലും മതഭിന്നതക്കപ്പുറമുള്ള ഈ മാനവ ആദരത്തിൻറെ മകുടോദാഹരണങ്ങൾ നമുക്ക് ദർശിക്കാൻ സാധിക്കും. ഒരിക്കൽ ഒരു യഹൂദിയുടെ ശവശരീരം കൊണ്ട് പോകുമ്പോൾ എണീറ്റു നിന്ന പ്രവാചകനോ(സ)ട് അത് യഹൂദിയാണെന്ന വിവരം അനുചരർ ഉണർത്തിയപ്പോൾ, അതിനെന്താ മനുഷ്യനല്ലേ എന്നാണ് പ്രവാചകൻ പ്രതിവചിച്ചത് (ബുഖാരി, മുസ്ലിം).

ഇവിടെയുള്ള കുഴപ്പമെന്തെന്നാൽ, ഇവർ വിജ്ഞാനം കരഗതമാക്കിയത് മഹോന്നതരും ദൈവഭയമുള്ളവരുമായ പണ്ഡിതരിൽ നിന്നല്ല. മറിച്ച്, പലയിടങ്ങളിൽ നിന്നായി മതവിജ്ഞാന നുറുങ്ങുകൾ അഭ്യസിച്ചും മനഃപാഠമാക്കിയും വരുന്ന ഇക്കൂട്ടർക്ക് ഈ തിരുവചനം ഗ്രഹിക്കുന്നതിൽ തെറ്റിദ്ധാരണ സംഭവിച്ചിരിക്കുകയാണ്. തന്മൂലം തൻറെ നിർബന്ധ ബാധ്യതയെന്ന മട്ടിൽ സമൂഹത്തിൽ നിന്ന് ഏകാന്തനായി നിൽക്കുകയും മതത്തിൻറെ പേരിൽ ബോംബ് സ്ഫോടനമടക്കമുള്ള വിനാശ പ്രവർത്തനങ്ങളിലേർപ്പെടുകയും വേണം എന്ന തീർപ്പിലേക്ക് അവർ എത്തുകയാണ് ചെയ്യുന്നത്.

ഇനി സർവ്വലോക രക്ഷിതാവിൻറെ അരുളപ്പാട് ശ്രദ്ധിക്കൂ: (അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല തന്നെ) (മാഇദ 64).

ഇങ്ങനെ നിണമൊരുപാടൊഴുക്കിയും ജീവനൊരുപാടപഹരിച്ചും അവനവനും ഇതരർക്കും വിനാശം വിതച്ചും ശത്രുക്കൾ വിരിക്കുന്ന കുതന്ത്രത്തിൻറെ വലയിലകപ്പെടുന്ന ഇക്കൂട്ടർക്ക് അതിൽ നിന്നും രക്ഷപ്പെടാനുള്ള അറിവും ബുദ്ധിയുമില്ല.

**രണ്ടാമത്തെ വിഭാഗം:** ഇവർ മുസ്ലിംകളല്ലെങ്കിലും ഇസ്ലാമിക സംസ്ക്കാരവും ഭാവവും സ്വീകരിച്ചവരാണ്. ഇവർ ഏതൊരു പിഴവും ആക്ഷേപവും ഇസ്ലാമിൻറെ മേൽ കെട്ടിവെക്കുകയും ഇസ്ലാം ഭയവും ഭീകരതയും വിതക്കുന്ന മതമാണെന്ന് ആരോപിച്ച് ഇസ്ലാമിനെ പ്രതിസ്ഥാനത്ത് നിർത്തുകയും ചെയ്യും. എന്നാൽ മുസ്ലിംകളോടൊപ്പം സഹവസിച്ച് കാര്യങ്ങൾ ഗ്രഹിക്കാൻ ഇവർ തയ്യാറാവുകയുമില്ല. ഇത്തരം ചിന്തകൾ പ്രത്യേകിച്ചൊരു അടിസ്ഥാനമൊന്നുമില്ലാതെയാണ് ഉയർന്നു വരുന്നത്. ഈ കാലഘട്ടത്തിൽ കേവലം വ്യാമോഹങ്ങൾ സൃഷ്ടിച്ചു വിടുന്നതിനപ്പുറം മറ്റൊരു പ്രാധാന്യവുമില്ലാത്ത പ്രത്യയശാസ്ത്രമാണ് ഇസ്ലാം എന്ന പൈശാചികവും ദുരുപദിഷ്ടിതവുമായ ധാരണകളിലേക്കു വരെ ഇത് കൊണ്ടെത്തിക്കുന്നു.

യാഥാർഥ്യമെന്തെന്നാൽ , ഒന്നാമത്തെ വിഭാഗമായി നാം എണ്ണിയ മുസ്ലിം യുവാക്കൾ വഞ്ചനക്കു വശംവദരായി കൊണ്ടും ,ദുഷ്പ്രവർത്തികൾ ചെയ്യുകയും ശാഠ്യവും അക്രമവും കർമ്മ മാർഗമാക്കികൊണ്ടും ജന മനസ്സുകളിൽ ഈ അക്രമ ചിന്തഗതി പ്രതിഷ്ഠിച്ചു. ഇതിന്റെ അനന്തര ഫലമെന്നോണം ഇത്തരം പ്രവർത്തികളുമായി യാതൊരു ബന്ധവുമില്ലാത്ത പരിശുദ്ധ ദീനുൽ ഇസ്ലാമിന്റെ മേൽ പഴിചാരപെടുന്നതിനു കാരണമായിത്തീർന്നു.

## (സർവ്വ ലോകത്തിന്നും കാരുണ്യമായിട്ടല്ലാതെ നാം നിങ്ങളെ നിയോഗിച്ചിട്ടില്ല)



## ഒരു സംശയവും അതിൻറെ മറുപടിയും

**അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്ന് ജനങ്ങൾ സാക്ഷ്യം വഹിക്കുന്നത് വരെ അവരോടു യുദ്ധം ചെയ്യാൻ എന്നോട് കൽപിക്കപെട്ടിരിക്കുന്നു .......**

**ചോദ്യം ഒന്ന്** :ഒന്നാമത്തെ വിഭാഗമായി നാം സൂചിപ്പിച്ച വ്യക്തികൾ മനസിലാക്കിയത് പോലെ , എല്ലാവരും നിർബന്ധമായും ദീനിന് വഴിപ്പെടണമെന്നും ആരെങ്കിലും അപ്രകാരം വഴിപ്പെടാത്ത പക്ഷം അവനെ കൊലചെയ്യണമെന്നും ഈ ഹദീസിൽ തെളിവുണ്ടോ ?

**ചോദ്യം രണ്ട്** :രണ്ടാം വിഭാഗം ധരിച്ചു വച്ചിരിക്കുന്നത് പോലെ, ലോകത്ത് ഭയവും വിഭ്രാന്തിയും സൃഷ്ടിക്കുകയും അതിനിഷ്ഠൂരമായ ആക്രമണങ്ങൾക്ക് അംഗീകാരം ചാർത്തി നൽകുകയും ചെയ്യുന്ന പ്രത്യയശാസ്ത്രമാണോ ഇസ്ലാം?

## സംശയങ്ങൾക്കുള്ള മറുപടി

ഹദീസിലെ വാചകങ്ങളുടെ ശെരിയായ ഭാഷാർത്ഥവും വ്യാകരണവും മനസ്സിലാക്കി ചിന്തിക്കുകയാണെങ്കിൽ കാര്യങ്ങൾ വ്യക്തമായി മനസ്സിലാവുകയും എല്ലാ അവ്യക്തതയും ഇല്ലാതാവുകയും ചെയുന്നതാണ്.

### ഹദീസിലെ വാചകങ്ങളുടെ ഭാഷാപരമായ വിശകലനം : (أقتل) (أقاتل)എന്നിവ തമ്മിലുള്ള വ്യത്യാസം

**(أقتل) ,(اقاتل) എന്നിവയ്ക്കിടയിൽ വല്ല വ്യതാസങ്ങളും ഉണ്ടോ .**

ഈ പദം ആദ്യത്തെ വിഭാഗം (أقتل) എന്ന് തെറ്റായിട്ടാണ് മനസ്സിലാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഇവ രണ്ടിനുമിടയിൽ വലിയ അന്തരമാണുള്ളത്.

(اقاتل) എന്ന് പറയുമ്പോൾ പ്രവർത്തനത്തിൽ പങ്കാളിയായി മറ്റൊരാൾ കൂടിയുണ്ട് എന്നുള്ള ആശയം ലഭിക്കും. ഇവിടെ ഇരുവശത്തു നിന്നും യുദ്ധം നടന്നിരിക്കണം. تجادل الخصمان في المناظرة എന്ന് നമ്മൾ പറയുമ്പോൾ, ഇരു വിഭാഗവും തർക്കത്തിൽ സംവദിച്ചു എന്നാണല്ലോ അർത്ഥം നൽകാറ്.

ശാഫി ഇമാം ഇവ്വിഷയകമായി പറയുന്നത് ഇപ്രകാരമാണ്: قتال (യുദ്ധം) എന്ന പദം അടിസ്ഥാനപരമിയിത്തന്നെ قتل (കൊല) അല്ല. കാരണം ഒരാളോട് യുദ്ധം ചെയ്യൽ ചിലപ്പോഴൊക്കെ അനുവദനീയമാകുമെങ്കിലും അവനെ കൊല്ലൽ ഒരിക്കലും അനുവദനീയമായ ഒന്നല്ല തന്നെ (ഫത്ഹുൽ ബാരി 1/76).

ഇബ്നു ദഖീഖിൽ അബ്ദ് (شرح عمدة الأحكام), ഇബ്നു റജബ് (230 جامع العلوم والحكم), ഇബ്നു ഹജർ (فتح الباري 1/76), ഇബ്നു തീമിയ്യ തുടങ്ങി മറ്റു ധാരാളം പണ്ഡിതരും ഇപ്രകാരം തന്നെയാണ് ഇത് വിശദീകരിക്കുന്നത്.

## ചോദ്യം: ഇസ്ലാമിലേക്കു കടന്നു വരുവാൻ ലോകത്തുള്ള മുഴുവൻ ആളുകളോട് യുദ്ധം ചെയ്യണം എന്നാണോ ഈ നബിവചനത്തിൻറെ വിവക്ഷ?

കഴിഞ്ഞു പോയ നൂറ്റാണ്ടുകളിൽ ഒരൊറ്റ മുസ്ലിം പണ്ഡിതനും ഈ ഹദീസിന് ഇങ്ങനെയൊരു വിവക്ഷ നൽകുകയുണ്ടായിട്ടില്ല. എന്ന് മാത്രമല്ല , ഇത് പരിശുദ്ധ ദീനിന്റെ അധ്യാപനങ്ങൾക്കു തികച്ചും എതിരായ കാര്യവുമാകുന്നു.

(الناس) അഥവാ ജനങ്ങൾ എന്ന പദത്തിന് ഇവിടെ പൊതുവായ ഉദ്ദേശമല്ല ഉള്ളത്. ഖുർആനിലും ഹദീസിലും അറബി ഭാഷയിലും ഇതിന് ധാരാളം ഉദാഹരണങ്ങൾ നമുക്ക് കണ്ടെത്താൻ സാധിക്കും.

അല്ലാഹു പറയുന്നു: (മാലോകരിൽ ഹജ്ജ് വിളംബരം നിർവ്വഹിക്കുക- കാൽനടക്കാരായി താങ്കളുടെയടുത്തേക്കവർ വരുന്നതാണ്) (ഹജ്ജ് 27). ഇവിടെ (الناس) എന്ന പദത്തിന് സത്യവിശ്വാസികൾ എന്ന് മാത്രമേ ഉദ്ദേശമുള്ളൂ, മുഴുവൻ ജനങ്ങളും എന്നില്ല.

അല്ലാഹു വീണ്ടും പറയുന്നു: ('ആളുകൾ നിങ്ങളെ നേരിടാൻ സൈന്യശേഖരണം നടത്തിയിരിക്കുന്നു, അതിനാൽ അവരെ പേടിക്കണം' എന്നു ചിലർ പ്രചരിപ്പിച്ചപ്പോൾ 'വിശ്വാസം വർധമാനമാവുകയും, ഞങ്ങൾക്ക് പടച്ചവൻ മതി, അവനാണുത്തമൻ' എന്ന് പ്രതികരിക്കുകയും ചെയ്തവരാണവർ) (ആലു ഇംറാൻ 173). ഇവിടെ (الناس) എന്നത് അബൂ സുഫ്യാനു നേരെയാണ് വിരൽ ചൂണ്ടുന്നത് എന്നാണ് മുജാഹിദ്, ഇക്രിമ തുടങ്ങിയ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നത്.

പിന്നീട് പറഞ്ഞ (الناس)നും പൊതുവല്ലാത്ത അർത്ഥം തന്നെയാണ് ഉള്ളത്. ഇസ്ലാമിനോടേറ്റുമുട്ടി ഭയപ്പെട്ടു പോകുകയും ഇസ്ലാമിനെ വേരോടെ പിഴുതെറിയാൻ ആഗ്രഹിക്കുകയും ചെയ്യുന്ന സത്യനിഷേധികളുടെ കൂട്ടം എന്നാണ് അത് അർത്ഥമാക്കുന്നത്. ഇവരെക്കുറിച്ച് ഖുർആൻ വിവരിക്കുന്നത് കാണുക: (കുടുംബ ബന്ധമോ കരാറോ (ഒരു സത്യവിശ്വാസിയെക്കുറിച്ചും അവർ പാലിക്കില്ല). അതിക്രമകാരികൾ തന്നെയത്രെ അവർ).

അല്ലാഹു വീണ്ടും പറയുന്നു: (എന്നാൽ, കരാറിലേർപ്പെട്ട ശേഷം അവർ സത്യങ്ങൾ ലംഘിക്കുകയും നിങ്ങളുടെ മതത്തെ അവഹേളിക്കുകയും ചെയ്യുന്നുവെങ്കിൽ സത്യനിഷേധത്തിൻറെ സാരഥികളോട് നിങ്ങൾ പോരാടുക. കാരണം, അവരുടെ ശപഥങ്ങൾക്ക് ഒട്ടുമേ നിലനിൽപില്ല. അവർ വിരമിച്ചേക്കാൻ സാദ്ധ്യതയുണ്ട്) (തൗബ 12).

## തിരുനബി (സ) യുടെ ചര്യ

### ഹദീസ് പഠനത്തിൽ ഭൂരിപക്ഷം പണ്ഡിതന്മാരും സ്വീകരിച്ച നിലപാടിനെ ശക്തിപ്പെടുത്തുന്ന യാഥാർത്ഥ്യം

വിശുദ്ധ പ്രവാചകൻ (സ) സർവ്വലോകത്തിനും മാതൃകയായിരുന്നു എന്നും, വിശുദ്ധ ഖുർആൻ ദയാലു (رحيم) എന്നും ആർദ്രൻ (رؤوف) എന്നും വിശേഷിപ്പിക്കും വിധം സ്വഭാവ നൈർമ്മല്യത്തിന് ഉടമയായിരുന്നു എന്നും പ്രവാചക ജീവിതത്തിലൂടെ ഒരെത്തി നോട്ടം നടത്തുന്ന ആർക്കും മനസ്സിലാകുന്ന കാര്യമാണ്. ചരിത്രം അതിൻറെ തങ്കത്താളുകളിലാണ് തിരുജീവിതം കൊത്തിവെച്ചിരിക്കുന്നതെന്നും സാധാരണ ഒരു മനുഷ്യനെപ്പോലെയല്ല ആ ജീവിതം ലോകരാൽ ദർശിക്കപ്പെട്ടതെന്നുമുള്ള യാഥാർത്ഥ്യം തെളിവു നിരത്തേണ്ടതില്ലാത്ത വിധം സുവ്യക്തമാണ്.
വിശുദ്ധ മതപ്രബോധനത്തിൻറെ പ്രാരംഭം മുതൽ അവസാന നാളുകൾ വരെ തൻറെ ശത്രുക്കളോടു പോലും കാരുണ്യത്തോടെയാണ് തിരുനബി(സ) വർത്തിച്ചിരുന്നത്. ചില ഉദാഹരണങ്ങളിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

- യുദ്ധത്തിൻറെ ആരംഭത്തിൽ ശത്രുക്കളെ നശിപ്പിക്കാൻ അവിടുന്ന് ആഗ്രഹിച്ചിരുന്നില്ല. അവിടുന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നത് അല്ലാഹുവേ! എൻറെ സമുദായത്തിന് സന്മാർഗ്ഗദർശനം നൽകേണമേ, കാരണം അവർ അറിവില്ലാത്തവരാണ് എന്നാണ്.
  ആഴത്തിൽ ചിന്തിച്ചും ദൈവദൂതജന്യമായ കാരുണ്യം നിറച്ചുമാണ് ഈ വാക്കുകൾ പ്രവാചകാധരങ്ങളിൽ നിന്ന് ഉതിർന്നു വീണതെന്ന് കാണാം. പ്രാർത്ഥനയുടെ പ്രാരംഭവചനം നോക്കാം: "അല്ലാഹുവേ, സന്മാർഗ്ഗം നൽകേണമേ!". അവർ സത്യനിഷേധികളായിട്ടു പോലും അവരെ അടുപ്പക്കാരായി ഗണിച്ച് "എൻറെ സമുദായത്തെ" എന്നാണ് പരാമർശിക്കുന്നത്. അതേ സമയം തന്നെ അവരുടെ അജ്ഞതക്കു നേരെ വിരൽചൂണ്ടിക്കൊണ്ട് അവർക്കു വേണ്ടി ഒഴിവുകഴിവു ചോദിക്കാനും അവിടുന്ന് മറക്കുന്നില്ല "കാരണം അവർ അറിവില്ലാത്തവരാണ്".

- ശത്രുക്കളോട് പ്രതികാരം വീട്ടാൻ അവസരമുണ്ടായിട്ടും അവരോട് വിട്ടു വീഴ്ചയുടെ സ്വരത്തിൽ അവിടുന്ന് പറഞ്ഞു: "നിങ്ങൾക്ക് പോകാം, നിങ്ങൾ സ്വതന്ത്രരാണ്". അവരെ സ്വതന്ത്രരാക്കി അവിടുന്ന് മൊഴിഞ്ഞു : "സ്വന്തം വീടുകളിൽ ഇരുന്നവർ നിർഭയരാണ്". ഇവരിൽ സത്യവിശ്വാസം പുൽകാത്തവരെ വധിക്കലായിരുന്നു ഉദ്ദേശമെങ്കിൽ, "ആര് ഇസ്ലാം സ്വീകരിച്ചോ അവർ നിർഭയരാണ്" എന്നാണ് പറയുമായിരുന്നത്; അല്ലാതെ സ്വന്തം വീടുകളിൽ ഇരുന്നവർ നിർഭയരാണ് എന്നാകുമായിരുന്നില്ല.

## തള്ളപ്പെടേണ്ട ഒരു വൈരുദ്ധ്യം

സമ്മാനങ്ങൾ നൽകലും നല്ല രീതിയിലുള്ള സഹവർത്തിത്വവും അതിശ്രേഷ്ഠമെന്ന് ഗണിച്ചിരുന്ന തിരുദൂതർ(സ)ക്കെങ്ങനെയാണ് അമുസ്ലിംകളെ കൊല്ലാൻ കൽപന പുറപ്പെടുവിക്കാനാകുക.

അല്ലാഹു തിരുദൂതർ(സ)ക്ക് അവതീർണ്ണമാക്കിക്കൊടുത്ത ദിവ്യവചനം നോക്കൂ: (മതകാര്യങ്ങളിൽ നിങ്ങളോട് അങ്കം വെട്ടാതിരിക്കുകയും സ്വഭവനങ്ങളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ പറ്റി, അവർക്ക് നന്മയും നീതിയും ചെയ്യുന്നതിൽ അല്ലാഹു നിങ്ങളെ തടയുന്നില്ല; നീതിപാലകരെ അവൻ ഇഷ്ടപ്പെടുക തന്നെ ചെയ്യുന്നു) (മുംതഹന 8).

പ്രബലമായ ഒരു നിവേദനം ഇങ്ങനെ വായിക്കാം: ഹസ്രത് ഉമർ (റ) ചുവന്ന നിറത്തിലുള്ള ഒരു തട്ടം കണ്ടപ്പോൾ പറഞ്ഞു: "അല്ലാഹുവിൻറെ തിരുദൂതരേ, അങ്ങ് ഈ തട്ടം വാങ്ങുകയും വെള്ളിയാഴ്ച ദിവസം പുറത്തു നിന്നും ആളുകൾ അങ്ങയെ സന്ധിക്കാനായി വരുന്ന വേളയിൽ ജുമുഅക്ക് ഇതണിയുകയും ചെയ്താൽ നന്നായിരിക്കും". തിരുദൂതർ പ്രതിവചിച്ചു: "അല്ലയോ ഉമറേ! അന്ത്യനാളിൽ വിഹിതമൊന്നും ലഭിക്കാത്തവരാണ് ഇത്തരം വസ്ത്രങ്ങൾ അണിയുക ". പിന്നീടൊരിക്കൽ തിരുദൂതർക്ക് ഒരു തരം പട്ടിനാലുള്ള അൽപം വസ്ത്രങ്ങൾ സമ്മാനമായി ലഭിച്ചപ്പോൾ അവയിൽ നിന്നും ഒന്ന് ഉമറി(റ)ന് സമ്മാനമായി അയച്ചു. ആ വസ്ത്രമണിഞ്ഞ് തിരുസന്നിധിയിലെത്തിയ ഉമർ (റ) ചോദിച്ചു: "അല്ലാഹുവിൻറെ തിരുദൂതരേ(സ)! അങ്ങ് ഈ പട്ടുവസ്ത്രം എനിക്ക് അയച്ചു തന്നിരിക്കുകയാണല്ലോ. അന്ത്യനാളിൽ വിഹിതമൊന്നും ലഭിക്കാത്തവരാണ് ഇത്തരം വസ്ത്രമണിയുക എന്ന് അങ്ങ് അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്." നബി(സ) പ്രതിവചിച്ചു: "നിങ്ങൾ ഇത് ധരിക്കാൻ വേണ്ടിയല്ല ഇത് ഞാൻ നിങ്ങൾക്ക് സമ്മാനമായി അയച്ചത്. മറിച്ച് അത് മറ്റാർക്കിലും സമ്മാനിക്കുവാനോ അത് ധരിക്കാൻ പറ്റുന്ന മറ്റാർക്കെങ്കിലും വിൽക്കുവാനോ വേണ്ടിയാണ്". അങ്ങനെ ഉമർ(റ) മാതാവിനൊപ്പം മക്കയിൽ അവിശ്വാസിയായി കഴിയുന്ന തൻറെ സഹോദരന് അത് സമ്മാനമായി അയച്ചു (അദബുൽ മുഫ്റദ്, ബുഖാരി). കാരണം അവിശ്വസിക്കു പട്ടു വസ്ത്രം ധരിക്കുന്നത് നിഷിദ്ധമല്ലലോ.

ഈ സംഭവം മദീനാ കാലഘട്ടത്തിൽ നിവേദക സംഘ വർഷം (ആമുൽ വുഫൂദ് ഹിജ്റ 9) (അഥവാ മക്കം ഫതഹിന് ശേഷം) എന്നറിയപ്പെടുന്ന വർഷത്തിലാണ് അരങ്ങേറിയത്. ആയതിനാൽ , അക്രമകാരികളല്ലാത്ത അവിശ്വാസികളോട് നല്ല രീതിയിൽ വർത്തിക്കുകയും നീതി പുലർത്തുകയും ചെയ്യുന്നത് വാളിന്റെ ആയതു ദുർബലപ്പെടുത്തി എന്ന വാദം തികച്ചും തെറ്റാണു. യുദ്ധം ചെയ്യുകയോ മോശമായി വർത്തിക്കുകയോ ചെയ്യാത്ത മുസ്ലിംകളല്ലാത്ത ആളുകൾക്കൊപ്പം യുദ്ധം ചെയ്യൽ നല്ല പ്രവണതയല്ല. മറിച്ച് അവരോട് നല്ല രീതിയിൽ സഹവർത്തിക്കലും സമ്മാനക്കൈമാറ്റമടക്കമുള്ള ഇടപാടുകൾ നടത്തലും തീർത്തം നിർദ്ദോഷകരമാണ്.

## സംശയദൂരീകരണത്തിനായുള്ള വിശദീകരണം

ഇസ്ലാമിനെ കാരുണ്യത്തിൻറെയും അത്യുദാത്തമായ സ്വഭാവഗുണങ്ങളുടെയും പ്രത്യയ ശാസ്ത്രമാക്കുക വഴി വലിയൊരു അനുഗ്രഹമാണ് ജഗന്നിയന്താവായ അല്ലാഹു മുസ്ലിംകളോട് ചെയ്തിരിക്കുന്നത്. സൃഷ്ടികൾക്കു സൃഷ്ടാവിനോടുള്ള ബന്ധവും, വിശ്വാസിക്ക് തന്റെ സഹോദരനായ വിശ്വാസിയുമായിട്ടുള്ള ബന്ധവും , അതിലുപരി അന്യ മത വിശ്വാസികളുമായിട്ടുള്ള ബന്ധങ്ങളും ഊട്ടിയുറപ്പിക്കാനുള്ള മാർഗ്ഗമായാണ് ഇസ്ലാം അവതീർണ്ണമായിട്ടുള്ളത്. ഇപ്രകാരം ഇസ്ലാം ജീവിതത്തിൻറെ നിഖില വശങ്ങളെയും, എക്കാലത്തും, എല്ലായിടത്തും നന്മയിലേക്ക് പരിവർത്തിപ്പിക്കുകയും മുസ്ലിംകൾക്ക് ഈ അനുഗ്രഹത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു ആശയധാരയാണ്. അതുകൊണ്ടു തന്നെ, സ്വാർത്ഥതയിൽ നിന്നും പൂർണ്ണമായും വിമുക്തവുമത്രെ അത്. സകലർക്കും നന്മയും ഗുണവും കാംക്ഷിക്കുന്ന ഇസ്ലാം യുക്തിയും സദ്പ്രമാണങ്ങളും ആധാരമാക്കി പ്രബോധന ദൗത്യം നിർവ്വഹിക്കാനാണ് അതിൻറെ പ്രബോധകരോട് ആഹ്വാനം ചെയ്യുന്നത്. തിരുനബി(സ) പറയുന്നു: “നിങ്ങൾ മാർഗ്ഗേണ അല്ലാഹു ഒരു വ്യക്തിക്ക് സന്മാർഗ്ഗ ദർശനം നൽകൽ നൂറ് ചുവന്ന ഒട്ടകങ്ങളേക്കാൾ ഉത്കൃഷ്ടമത്രെ” (ബുഖാരി, മുസ്ലിം).

അല്ലാഹു പറയുന്നു: (അതുകൊണ്ട്, ആരെങ്കിലും സന്മാർഗ്ഗ പ്രാപ്തനാകുന്നുവെങ്കിൽ, അത് അവനുവേണ്ടിത്തന്നെയാണ്). (യൂനുസ് 108). അതായത്, വല്ലവരും ഇസ്ലാം സ്വീകരണത്തിൽ തൽപരരല്ലെങ്കിൽ അവർക്ക് മേൽ യാതൊരു ബലപ്രയോഗവുമില്ല. കാരണം സന്മാർഗ്ഗം മാർഗ്ഗഭ്രംശത്തിൽ നിന്നും കൃത്യമായി വേറിട്ടും ഉജ്ജ്വല ശോഭയോടെയുമാണ് നിലകൊള്ളുന്നത്. (അൽ ബഖറ 256). മറ്റൊരിടത്ത് ഖുർആൻ പറയുന്നു: (താങ്കളുടെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതത്തിലുള്ളവരത്രയും സത്യവിശ്വാസം കൈകൊള്ളുമായിരുന്നു. എന്നിട്ടും വിശ്വസിക്കുവാനായി ആളുകളെ താങ്കൾ നിർബന്ധിക്കുകയാണോ?) (യൂനുസ് 99).

ഇപ്രകാരം മുസ്ലിംകൾ പ്രബോധന ദൗത്യത്തിലേർപ്പെടുന്ന പക്ഷം അവർക്ക് പരലോകത്ത് വച്ച് അതിൻറെ അനന്തരഫലങ്ങൾ അനുഭവിക്കാനാകും.
ഇപ്രകാരം ഇഹലോകത്തും പരലോകത്തും മനുഷ്യന് സന്തോഷവും നന്മയും സാക്ഷാത്കരിക്കപ്പെടാൻ വിശ്വാസികൾ പ്രബോധന ഉത്തരവാദിത്വം തങ്ങളുടെ ചുമതലയായി ഏറ്റെടുക്കുകയും , ദീനിന്റെ പ്രകാശം സർവർക്കും എത്തിച്ചു കൊടുക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു

എന്നാൽ, സത്യവും അസത്യവും നിതാന്തമായ ഏറ്റുമുട്ടലിലാണ് എന്നുള്ള യാഥാർത്ഥ്യം അവശേഷിക്കുന്നു. അല്ലാഹുവിലേക്കുള്ള പ്രബോധനം നന്മയുമായി ബന്ധപ്പെട്ടിരിക്കുന്നത് കൊണ്ട് അത്രികമകാരികളുടെ എതിർപ്പ് അതിന് നേരിടേണ്ടി വരും. അങ്ങനെ ആരംഭിക്കുന്ന ധർമ്മസമരത്തിൽ അസത്യത്തിൻറെ പ്രയോക്താക്കളിൽ നിന്നും സ്വന്തം ജീവൻ രക്ഷിക്കൽ നിർബന്ധമായി വരും. ഇത് ആകാശഭൂമികളുടെ നിയമങ്ങളിൽ എഴുതിച്ചേർക്കപ്പെട്ടതും ജീവിതത്തിൻറെ സ്വാഭാവിക നിയമത്തിൻറെ ഭാഗമായി അംഗീകരിക്കപ്പെട്ടതുമാണ്. ജീവിതത്തിൻറെ അടിസ്ഥാന നിയമങ്ങളെ അംഗീകരിക്കാത്തവർ മാത്രമേ ഇത് നിഷേധിക്കുകയുള്ളൂ. ഇതാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ട തിരുവചനത്തിൻറെ യഥാർത്ഥ ആശയം.

അതായത്, സൃഷ്ടാവായ നാഥൻറെ സന്ദേശം യുക്ത്യാനുസൃതവും സദുപദേശത്തോടെയും പ്രചരിപ്പിക്കാനുള്ള നിർദ്ദേശമാണ് എനിക്ക് ലഭിച്ചിട്ടുള്ളത്. എന്നാൽ അതിക്രമകാരികൾ അക്രമത്തിന് മുതിരുകയും യുദ്ധസന്നദ്ധതയോടെ ജനങ്ങളുടെ വിശ്വാസത്തിനും സ്വാതന്ത്ര്യത്തിനും വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്ന പക്ഷം അവരോട് ഞാൻ ധർമ്മസമരത്തിലേർപ്പെടുക തന്നെ ചെയ്യും. വിശ്വാസത്തിന് വിഘാതം സൃഷ്ടിക്കുമ്പോൾ സ്വീകരിക്കേണ്ട യുക്തിയുടെയും സദുപദേശത്തിൻറെയും പാത അതിൻറെ ഉപാസകർക്കു നേരെ പോരാട്ടമഴിച്ചു വിടുകയും അവരെ ഏകദൈവ വിശ്വാസത്തിൻറെ സാക്ഷികളാക്കുകയും ചെയ്യുക എന്നതു തന്നെയാണല്ലോ. ഇപ്രകാരം ദീനിന്റെ മൂലപ്രമാണങ്ങളൊക്കെ മുന്നി വെച്ച് കൊണ്ട് സമഗ്രമായ പഠനം നടത്തുന്നവക്ക് ഹദീസിന്റെ യഥാർത്ഥ അർത്ഥവും ആശയവും വ്യക്തമായി മനസിലാക്കാൻ സാധിക്കും.

# സംഗ്രഹം

1- മതപ്രമാണങ്ങൾ ഗ്രഹിക്കുവാനും അവയുടെ ആശയം ഉൾക്കൊള്ളുവാനും അറബി ഭാഷ അനുപേക്ഷണീയമാണ്.

2- മതപ്രമാണങ്ങൾ മനസ്സിലാക്കുമ്പോൾ സമഗ്രവും സംക്ഷിപ്തവുമായ രീതിയിലും അതിനു പുറമെ . ജ്ഞാനപടുക്കളായ പണ്ഡിത വര്യരേയും ഓരോ വിഷയത്തിലും അഗാധജ്ഞാനമാർജ്ജിച്ച വിദഗ്ദരോടും ആരാഞ്ഞു വേണം സംശയദൂരീകരണം നടത്തേണ്ടത്.

3- അല്ലാഹു രക്തച്ചൊരിച്ചിൽ നിഷിദ്ധമാക്കുകയും അതിൻറെ വിധി വിശുദ്ധ ഗ്രന്ഥത്തിലൂടെ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നുണ്ട്: (പ്രതിക്രിയയായോ നാട്ടിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ ഒരാൾ മറ്റൊരാളെ വധിച്ചാൽ മർത്യകുലത്തെ ഒന്നടങ്കം അവൻ കൊന്നതു പോലെയാണ്; ഒരാളെ കൊലയിൽ നിന്ന് വിമുക്തനാക്കിയാൽ മനുഷ്യരെ മുഴുവൻ അതിൽ നിന്ന് രക്ഷിച്ചത് പോലെയും (മാഇദ 32). ഈ കാര്യം പുണ്യനബി(സ)യിൽ നിന്നും അവിടുത്തെ വിശ്വസ്തരായ അനുചരവൃന്ദത്തിൽ നിന്നും സുതരാം വ്യക്തമായതുമാണ്.

4- ചിലർ ഇസ്ലാമിൻറെ മേൽ ആരോപണങ്ങൾ അഴിച്ചു വിടാനും ഇസ്ലാമിൻറെ യഥാർത്ഥ ആശയങ്ങൾക്കെതിരായി തെറ്റിദ്ധാരണ പരത്താനും ഇടയാക്കുന്ന വചനങ്ങളിൽ ഒന്നാണ് ഈ നബിവചനം.

5- (اقاتل) എന്ന പദം ഇരുവശങ്ങളിൽ നിന്നുമുള്ള യുദ്ധത്തെയാണ് പ്രതിപാദിക്കുന്നത്. അതായത് മതപ്രബോധനത്തിന് വിഘാതം സൃഷ്ടിച്ച് യുദ്ധസന്നദ്ധത പ്രഖ്യാപിക്കുന്നവരോട് യുദ്ധം ചെയ്യണം എന്ന് സാരം.

6- (ال) എന്നത് (الناس) എന്നതിൽ ഒരു മാനദണ്ഡമാണ്. അതായത് മുന്നിലുള്ള വ്യക്തിയെ നമുക്ക് പരിചയമുണ്ടായിരിക്കുമെന്ന് സാരം. ഇവിടെ പ്രബോധനത്തിന് തടസ്സം നിൽക്കുന്ന അവിശ്വാസികളെയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

7- ഇസ്ലാം പുൽകാൻ താൽപര്യം കാണിക്കാത്തവനെ വധിച്ചു കളയൽ അനുവദനീയമല്ല. അല്ലാഹു പറയുന്നുണ്ട്: "മതത്തിൽ ബലപ്രയോഗമില്ല" (അൽ ബഖറ 256).

8- ഏകദൈവ വിശ്വാസം അംഗീകരിക്കുന്നത് ബാഹ്യമായി സ്വീകരിക്കപ്പെടുകയും അവരുടെ ആന്തരികസ്ഥിതിയുടെ വിചാരണ അല്ലാഹുവിലേക്ക് വിടുകയും ഇത്തരം ആളുകളുടെ ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കപ്പെടുകയും ചെയ്യും.
ഈ അടിസ്ഥാനത്തിൽ ഉപര്യുക്ത നബിവചനം കൊലപാതകത്തിനോ കുഴപ്പങ്ങൾ സൃഷ്ടിക്കാനോ നിർബന്ധിത മതപരിവർത്തനം നടത്തുവാനോ യാതൊരു വിധത്തിലും തെളിവാകുന്നില്ല.
അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

# മാറ്റ തിരുത്തലുകളും വ്യാജ വാദങ്ങളും

റസൂലുല്ലാഹി സ അരുളിയിരിക്കുന്നു :
ദീനിന്റെ അറിവുകളെ എല്ലാ തലമുറകളിലെയും സത്യസന്ധരായ ആളുകൾ ഏറ്റെടുക്കുന്നതാണ് , അവർ അതിക്രമകാരികളുടെ മാറ്റത്തിരുത്തലുകളെയും വ്യാജവാദികളുടെ അറിവ് നടിക്കലിനേയും വിഡ്ഢികളുടെ ദുർവ്യാഖ്യാനങ്ങളെയും ഉന്മൂലനം ചെയ്യുന്നതാണ്,

സച്ചരിതരായ മുൻഗാമികളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വൈജ്ഞാനിക രീതിയുമായി പൂർണമായും വിയോജിക്കുന്ന രൂപത്തിലും ദൈവിക ഉല്ബോധനത്തിന്റെ അധ്യാപനങ്ങളോടും മൂല്യങ്ങളോടും യോജിക്കാത്ത തരത്തിലും പരിശുദ്ധ ഖുർആനിനെയും പ്രവാചക വചനങ്ങളെയും തെറ്റായ രീതിയിലൂടെ മനസ്സിലാക്കിയ കൂട്ടരാകുന്നു അവർ .

അവർ അമുസ്ലിമീങ്ങൾക്ക് വേണ്ടി അവതരിച്ച ആയത്തുകളെ മുസ്ലിമീങ്ങൾക്ക് വേണ്ടി ഉള്ളതാണെന്ന് വാദിക്കുകകയും ഉപാധികളോട് കൂടി അവതരിച്ച വചനങ്ങളെ നിരുപാധികമായ രീതിയിൽ വ്യാഖ്യാനിക്കുകയും പരിശുദ്ധ ഖുർആനിന്റെ വചനങ്ങളിലും പ്രവാചകന്റെ വചനങ്ങളിലും മാറ്റത്തിരുത്തലുകൾ വരുത്തുകയും ചെയ്തു, എത്രത്തോളമെന്നാൽ ആ ചിന്താഗതികൾ സാധാരണ വിശ്വാസികളുടെ മനസ്സുകളിൽ വളരെ തെറ്റായ രീതിയിൽ സ്ഥാനം പിടിക്കുകയും അത് കാരണമായി അവരുടെ ഭാഗത്തു നിന്നും പരിശുദ്ധ ദീനുമായി ബന്ധമില്ലാത്ത ഒരുപാടു പ്രവർത്തികൾ ഉണ്ടാവുകയും ചെയ്തു.

ഖുർആനിൽ നിന്നും പ്രവാചക വചനങ്ങളിൽ നിന്നും സച്ചരിതരായ മുൻഗാമികൾ പകർന്നു തന്ന അറിവുകളിൽ നിന്നും അകന്നു പോകുന്ന തരത്തിൽ പിഴച്ച ചിന്താഗതിക്കാർ ഖുറാനിൽ വരുത്തിയ മാറ്റാതിരുത്തലുകളെയും ശറഈ നിയമങ്ങളെ മനസ്സിലാക്കുന്നതിൽ വരുത്തിയ പിഴവുകളെയും സംബന്ധിച്ച് ഈ പരമ്പരയിലൂടെ നമുക്ക് മനസിലാക്കാം .